


# ACADEMIC MASTER PLAN

## OHSS TIRURANGADI-2025-26

# ഓറിയന്റൽ എച്ച്എസ്എസ് ,തിരൂരങ്ങാടി

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്കിലെ തിരൂരങ്ങാടി മുൻസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ഒരു സ്ഥാപനമാണ് തിരൂരങ്ങാടി ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂൾ . തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിലെ പരപ്പനങ്ങാടി ഉപജില്ലയിലാണ് നിലകൊള്ളുന്നത്.

## ചരിത്രം

1942 ൽ മലബാറിൽ കോളറ എന്ന മഹാമാരി പടർന്നു പിടിച്ചപ്പോൾ നിരവധി കുട്ടികൾ അനാഥരായി. ഈ അനാഥ മക്കളുടെ സംരക്ഷണത്തിനായി എം.കെ ഹാജി, കെ.എം. മൗലവി, കെ.എം സീതി സാഹിബ് തുടങ്ങിയ മഹാരഥൻമാരുടെ നേതൃത്വത്തിൽ 1943 ഡിസംബർ 11 ന് സ്ഥാപിച്ചതാണ് തിരൂരങ്ങാടി യതീം ഖാന. ആദ്യ കാലങ്ങളിൽ യതീംഖാനയിലെ കുട്ടികൾ തൊട്ടടുത്ത സ്കൂളുകളിൽ പോയിട്ടായിരുന്നു സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്. ഈ കുട്ടികൾക്ക് മുസ്ലിം ഓർഫനേജ് കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിൽ പഠന സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തിലാണ് 1955 ജൂലൈ 2 ന് ഓറിയന്റൽ ഹൈസ്കൂൾ സ്ഥാപിതമായത്.

1998 വരെ യു.പി വിഭാഗവും ഹൈസ്കൂൾ വിഭാഗവും ചേർന്ന് പ്രവർത്തിച്ച ഈ ഹൈസ്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു.യു.പി. സെക്ഷൻ യതീംഖാന കോമ്പൗണ്ടിൽ പ്രവർത്തിച്ചിരുന്ന എൽ.പി സ്കൂളിന്റെ ഭാഗമായി മാറി ഓർഫനേജ് യു.പി.സ്കൂൾ എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. 1960 ലാണ് ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങിയത്. സയ്യിദ് അലി മാസ്റ്ററായിരുന്നു ആദ്യ പ്രധാനധ്യാപകൻ. 2000 ത്തിലാണ് ആദ്യ ഹയർ സെക്കണ്ടറി ബാച്ച് പുറത്തിറങ്ങുന്നത്.

## ഭൗതിക സൗകര്യങ്ങൾ

ഹൈസ്കൂൾ വിഭാഗത്തിൽ 19 ക്ലാസ് മുറികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 10 ക്ലാസ് മുറികളുമുണ്ട്.
മുഴവൻ ക്ലാസ് റൂമുകളും ടൈൽ വിരിച്ചതും ഹൈടെക് സൗകര്യമുള്ളവയുമാണ്. എല്ലാ ക്ലാസ് മുറികളിലും വൈറ്റ് ബോർഡുകളാണ് ഉപയോഗിക്കുന്നത് . ഇതിന് പുറമെ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, എന്നിവയും പ്രവർത്തിക്കുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ മൂന്ന് സയൻസ് ലാബുകളും ഒരു കമ്പ്യൂട്ടർ ലാബുമുണ്ട്. ആയിരക്കണക്കിന് പുസ്തകങ്ങൾ ഉള്ളെ ലൈബ്രറിയും അഞ്ഞൂറിലധികം പേർക്ക് ഒന്നിച്ചിരിക്കാനും പഠനം നടത്താനും സൗകര്യമുള്ള അലംനി ഹാളുമുണ്ട്.
ഈ ഓഡിറ്റോറിയത്തിന്റെ നിർമാണത്തിനും മുറ്റത്തെ ടൈൽ വർക്കിനും സാമ്പത്തിക സഹായം നൽകിയത് സ്കൂളിലെ അലംനി കൂട്ടായ്മയാണ്.
പൂർവ വിദ്യാർഥികൾ കുടിവെള്ള സൗകര്യത്തിനായി ഒരുക്കിയ വാട്ടർ പ്യൂരിഫെയിംഗ് സിസ്റ്റവും സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. ആയിരത്തി അഞ്ഞൂറിലധികം കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനം പാഠ്യ പാഠ്യേതര രംഗങ്ങളിൽ മികച്ച നിലവാരം പുലർത്തി വരുന്നു.

# പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെക്കുറിച്ചുള്ള അധ്യാപകരുടെ ധാരണ വർധിപ്പിക്കുക. | വിദ്യാർത്ഥികളുടെ ചുറ്റുപാടുകളെക്കുറിച്ച് (സാമ്പത്തീക സാമൂഹിക ഭൗതീകം) വിശ്വസനീയമായ രീതിയിൽ വിവര ശേഖരണം നടത്തുന്നു. | അക്കാദമിക വർഷത്തിന്റെ ആദ്യഭാഗം | സഹ അധ്യാപകരുടെ സഹായത്തോടെ ക്ലാസ് അധ്യാപകർ | |
| 2) സവിശേഷ കഴിവുള്ള കുട്ടികളുടെ സർഗ്ഗശേഷികൾ വികസിപ്പിച്ച് ദേശീയ അന്തർ ദേശീയ തലത്തിലേക്ക് ഉയർത്തൽ. | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ മൂല്യനിർണ്ണയം നടത്തുന്നു. സിവിൽ സർവ്വീസ്, കരിയർ ഗൈഡൻസ്, വ്യക്തിത്വ വികസനം എന്നീ പരിശീലന കോഴ്സുകളിലൂടെ ഭാവിസാധ്യതകൾ പഠിതാക്കൾക്ക് തുറന്ന് കൊടുക്കുന്നു. | അക്കാദമിക വർഷം | പ്രധാന അധ്യാപിക - അധ്യാപകർ | പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന |
| 3) പ്രത്യേക പരിഗണന അർഹിക്കുന്ന പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ. | നിരന്തര മൂല്യനിർണ്ണയം നടത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | അക്കാദമിക വർഷം | വിഷയ അധ്യാപകർ | |
| | ഐക്യുടെസ്റ്റ് നടത്തി കുട്ടികളുടെ ഭൗതീക നിലവാരം കണ്ടെത്തുന്നു. കുട്ടികളിൽ ആത്മവിശ്വാസവും ആത്മ ധൈര്യവും പകർന്ന് കൊടുക്കുന്നതിനുള്ള സമീപന രീതി. | ജൂൺ, ജൂലായ് മാസങ്ങൾ | ക്ലാസ് അധ്യാപകരും റിസോർസ് അധ്യാപകരും | പി.ടി.എ |
| 4) കുട്ടികളിൽ എന്ത് സംഭവിക്കുന്നുഎന്ന് രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നു. (സ്വഭാവ രൂപീകരണം, പഠന മേഖല) | നിലവിലുള്ള സാമൂഹിക ചുറ്റുപാടുകളെക്കുറിച്ചുള്ള അവബോധം രക്ഷിതാക്കൾക്ക് ക്ലാസ് നൽകുന്നു. (ചൈൽഡ് ലൈൻ)നവമാധ്യമങ്ങളുടെ തള്ളി കയറ്റം (ടി. വി, മൊബൈൽ, ഇന്റർനെറ്റ് ഗെയിമുകൾ വാട്സ് അപ്പ്, ഫെയ്സ് ബുക്ക് എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവത്ക്കരിക്കുന്നു.) | അക്കാദമിക വർഷത്തിൽ രണ്ടുപ്രാവശ്യം | ഹെഡ്മിസ്ട്രസ്, ചൈൽഡ് ലൈൻ | പി.ടി.എ |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കാലഘട്ടത്തിന്റെ സവിശേഷതകൾ മനസിലാക്കി ധാർമ്മീകത മുൻനിർത്തിയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക. | സന്മാർഗ്ഗ പാഠം (ആഴ്ച്ചയിൽ ഒരിക്കൽ) കാര്യക്ഷമമാക്കുന്നു.<br>ഓരോ മാസവും ഓരോ മൂല്യത്തെ അടിസ്ഥാനമാക്കി കുട്ടികളുടെ സർഗ്ഗാത്മക സ്കൂൾ അസംബ്ലി സംഘടിപ്പിക്കുന്നു.<br>നവമാധ്യമങ്ങളുടെ ശരിയായ ഉപയോഗത്തെ പറ്റിയുള്ള ബോധവത്ക്കരണം. | ആഴ്ച്ചയിൽ രണ്ടുപ്രാവശ്യം | ക്ലാസ് അധ്യാപകർ | |
| | ഇൻസ്പിരേഷണൽ വീഡിയോ പ്രദർശനവും മോട്ടിവേഷൻ ക്ലാസുകൾ<br>കൗമാര വിദ്യാഭ്യാസം | അക്കാദമിക വർഷം മുഴുവൻ | പ്രധാന അധ്യാപിക, അധ്യാപകർ | സ്കൂൾ മാനേജ്മെന്റ്, പി.ടി.എ. |
| 6) പ്രകൃതി സൗഹൃദ ക്യാമ്പസ് | തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക പൂന്തോട്ടം മെച്ചപ്പെടുത്തൽ.<br>ഉള്ള സൗകര്യത്തിൽ ഔഷധ തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ.<br>സ്കൂൾ ക്യാമ്പസ് സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നു. | അക്കാദമിക് വർഷം | ഹരിത സേന, ഹെൽത്ത് ക്ലബ്ബ് | കൃഷിവകുപ്പ്, സീഡ്, ഹരിത സേന |
| 7) കുട്ടികളിൽ സമൂഹത്തോടുള്ള പ്രതിബദ്ധതയും സഹാനുഭൂതിയും വളർത്തിയെടുക്കൽ | **'ഒരുമനമോടെ......"**<br>"BEST" ന്റെ പ്രവർത്തനം: കുട്ടികളുടെ ആർദ്രതയെ മിതപ്പെടുത്തി "കുടുക്കയിൽ ശേഖരിക്കുന്നു." ചികിത്സാ സഹായം, പഠനസഹായം, ഭവന നിർമ്മാണം, വസ്ത്ര സമാഹരണം എന്നിവയിലൂടെ സമൂഹത്തിലെ അവശവിഭാഗത്തോട് പക്ഷം ചേർന്ന് പ്രവർത്തിക്കുന്നു. | അക്കാദമിക് വർഷത്തിൽ ആവശ്യമായി വരുമ്പോൾ | BEST | BEST |

| പൊതുലക്ഷ്യങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

## മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

| മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തീക വിശകലനം** |
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
| --- | --- | --- | --- | --- |
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

# മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസ്യതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

# മേഖല– ഹൈസ്കൂൾ –അറബിക്

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി. | BRC<br>LSG<br>SMC<br>PTA<br>OSF |
| | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSG<br>SMC<br>PTA |
| | സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം ,<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 36 months | | BRC<br>LSG<br>SMC<br>OSF |

| മേഖല- ഹൈസ്കൂൾ -പ്രവർത്തി പരിചയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന സർഗ്ഗവാസനകളേയും നൈപുണികളേയും പരിപോഷിപ്പിക്കുകയും സ്വയം തൊഴിൽ സംരംഭത്തിലേക്ക് പ്രാപ്തരാക്കുകയും ചെയ്യുക<br>പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്ന പലതരം പാഴ് വസ്തുക്കൾ ഉപയോഗപ്പെടുത്തി കരകൗശല നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടാൻ പ്രാപ്തരാക്കുക<br>കുട്ടികളിലെ സൗന്ദര്യബോധവും ആസ്വാദന നിലവാരവും ഉയർത്തുക, സുകുമാരകലകളിലെ പ്രാഗത്ഭ്യം ഉപയോഗപ്പെടുത്തി സ്വയംതൊഴിൽ സാധ്യത വികസിപ്പിക്കുക | സോപ്പ്, പൗഡർ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | Needle work Teacher, Guide Teachers | രക്ഷിതാക്കൾ<br>പി.ടി.എ |
| | ഫാബ്രിക് പെയിന്റിംഗ്, വെജിറ്റബിൾ പ്രിന്റിംഗ് എന്നിവയുടെ പരിശീലനം | ജൂൺ - ആഗസ്റ്റ് | Needle work Teacher, | പി.ടി.എ |
| | Paper Craft,Btaw board, , മുത്തുകൾ കൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുക | സെപ്തംബർ - ഒക്ടോബർ | Needle work Teacher, | പി.ടി.എ |
| | വസ്ത്രങ്ങൾ തുന്നിയെടുക്കൽ (Garment Making ) , എംബ്രോയിഡറി വർക്ക് എന്നിവയിൽ പരിശീലനം നൽകൽ | നവംബർ | Needle work Teacher, | പി.ടി.എ |
| | സബ്ജില്ലാ , ജില്ലാ ശാസ്ത്രോത്സവങ്ങളിൽ പങ്കെടുന്നതിനായുള്ള പരിശീലനം നൽകൽ, കൂടുതൽ വർക്കുകൾ കാണാനുള്ള അവസരം നൽകൽ | ഡിസംബർ - മാർച്ച് | Needle work Teacher, | പി.ടി.എ<br>രക്ഷിതാക്കൾ |

| മേഖല- ഹൈസ്കൂൾ -കായികം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യം പരിപോഷിക്കൽ<br><br>വ്യത്യസ്ത കായിക വിനോദങ്ങളെ പരിചയപ്പെടാനും അവയുടെ അഭ്യാസനത്തിലൂടെ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കൽ<br>സംഘബോധവും സ്പോർട്സ്മാൻ സ്പിരിറ്റും വളർത്തിയെടുക്കുക<br><br>സംസ്ഥാന -ദേശീയ- അന്തർദേശീയ മത്സരങ്ങളിലെ പങ്കാളിത്തത്തിലൂടെ വിശാലമായ സാമൂഹിക ബോധവും മാനവിക കാഴ്ചപ്പാടും വളർത്തൽ<br><br>ശരീരിക ക്ഷമത ക്കൊപ്പം ബൗദ്ധികമായ വളർച്ചയും പരിപോഷിപ്പിക്കൽ | യോഗ, വിവിധ തരത്തിലുള്ള വ്യായമമുറകൾ<br>മൈനർ ഗെയിംസ്<br>എന്നിവ സംഘടിപ്പിക്കുക<br><br>ഫുട്ബാൾ, വോളിബാൾ , ഷട്ടിൽ ബാഡ്മിന്റെൺ തുടങ്ങിയവയുടെ പരിശീലനം<br><br>സ്കൂൾ അത്‌ലറ്റിക് മീറ്റ് , സബ്ജില്ല ജില്ല, സംസ്ഥാന, ദേശീയ മത്സരങ്ങളിലെ പങ്കാളിത്തത്തിനായുള്ള പരിശീലനം<br><br>ചെസ് മത്സരം -( വിവിധ കാറ്റഗറികളായി തിരിച്ച് | അക്കാദമിക വർഷം<br><br>ജൂൺ - ആഗസ്റ്റ്<br><br>സെപ്റ്റംബർ - ഒക്ടോബർ<br><br>നവംബർ - മാർച്ച് | കായികാധ്യാപകൻ<br><br>കായികാധ്യാപകൻ<br><br>കായികാധ്യാപകൻ<br><br>കായികാധ്യാപകൻ | രക്ഷിതാക്കൾ<br>പി.ടി.എ<br><br>പ്രാദേശിക ക്ലബ്ബുകൾ<br>പി.ടി.എ<br><br>പ്രാദേശിക ക്ലബ്ബുകൾ<br><br>പി.ടി.എ |

| മേഖല- ഹൈസ്കൂൾ -കലാവിദ്യാഭ്യാസം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| കുട്ടികളുടെ ഉള്ളിൽ അന്തർലീനമായി കിടക്കുന്ന സവിശേഷ ശേഷികളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | സംഗീതം, ചിത്രരചന, നൃത്തം, അഭിനയം, ശില്പനിർമ്മാണം, കാലിഗ്രാഫി, ഫിലിം മേക്കിങ്, ഉപകരണസംഗീതം,കഥാരചന, കവിതാരചന തുടങ്ങിയ വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി പരിശീലനങ്ങൾ നൽകുക | അക്കാദമിക വർഷം | കലാധ്യാപകൻ | രക്ഷിതാക്കൾ<br>പി.ടി.എ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| | ലഭ്യമായ ചുമരുകളിൽ ഗ്രാഫിറ്റികൾ തയ്യാറാക്കൽ | സെപ്റ്റംബർ – ഒക്ടോബർ | കലാധ്യാപകൻ | പ്രാദേശിക ക്ലബ്ബുകൾ |
| | കുട്ടികളുടെ സർഗ്ഗ സൃഷ്ടികളുടെ പ്രദർശനം ഒരുക്കൽ | നവംബർ - മാർച്ച് | കലാധ്യാപകൻ,<br>ഭാഷാധ്യാപകർ, | പി.ടി.എ |

| SPECIAL EDUCATION -FOR CWSN -HS | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കാഴ്ച്ച പരിമിതിയുള്ള സയ്യിദ് സഹലിന് പഠനപിന്തുണ ഉറപ്പാക്കൽ | ലാർജ് പ്രിന്റ് text ബുക്ക് നൽകൽ | ജൂൺമാസം | Head മാസ്റ്റർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ | 5000 ,PTA |
| സർഗ്ഗത്മക കഴിവിന്റെ വികസനം ,ഭാഷാ വികാസം | പോസ്റ്റർ രചന | ജൂൺമാസം | Art എഡ്യൂക്കേഷൻ ടീച്ചർ, സ്കൂൾ ക്ലബ്ബുകൾ | 500 ,PTA |
| വ്യക്തി ഗത പിന്തുണ ഉറപ്പാക്കൽ | IEP നിർമാണം | ജൂൺമാസം | സ്പെഷ്യൽ എഡ്യൂക്കേറ്റർ, വിഷയയധ്യാപകർ, രക്ഷിതാവ് | 500, PTA |
| പാഴ് വസ്തുക്കളുടെ പുനരുപയോഗ സാധ്യത തിരിച്ചറിയൽ<br>പ്രകൃതി സംരക്ഷണ ബോധം വളർത്തൽ | LED ബൾബ് ശേഖരണം | ജൂൺമാസം | സ്പെഷ്യൽ എഡ്യൂക്കേറ്റർ, വിഷയയധ്യാപകർ | 500, PTA |
| ഭാഷാ വികാസം, | പാവനിർമാണവും കഥപറയലും | ജൂലൈ മാസം | സ്പെഷ്യൽ എഡ്യൂക്കേറ്റർ, വിഷയയധ്യാപകർ | 500, PTA |
| ഭിന്നശേഷി വിദ്യാർഥികളുടെ ഉൾച്ചേർക്കൽ എളുപ്പമാക്കുന്നതിന് | അഡാപ്റ്റഡ് ടെക്സ്റ്റ് നിർമ്മാണവും മൊഡ്യൂൾ തയ്യാറാക്കലും ( എട്ടാം ക്ലാസിലെ ഇംഗ്ലീഷ് ടെക്സ്റ്റ് ബുക്ക്) | ജൂലൈ മാസം | സ്പെഷ്യൽ എഡ്യൂക്കേറ്റർ | 500, PTA |
| വായനയിലേക്ക് നയിക്കുന്നതിന് | പുസ്തകപരിചയവും അസംബ്ലിയും | ജൂലൈ മാസം | സ്പെഷ്യൽ എഡ്യൂക്കേറ്റർ | 500, PTA |
| സ്വന്തംപ്രൊഫഷണൽഗുണമേന്മക്കുന്നതിന് | എട്ടാം ക്ലാസ് ഇംഗ്ലീഷ് ടെക്സ്റ്റെൻ ആസ്പദമാക്കി അനുരൂപീകരണ നിർമ്മാണം | | ഇംഗ്ലീഷ് അധ്യാപകർ | 500, PTA |

| | | | | |
|---|---|---|---|---|
| കാഴ്ച പരിമിതി ക്യാമ്പ് കാഴ്ച പരിമിതികൾ തിരിച്ചറിയുന്നതിന് | ആവശ്യമായ കണ്ണടകൾ തിരഞ്ഞെടുക്കുന്നതിന്, വായനയിലേക്ക് നയിക്കുന്നതിനും | ഓഗസ്റ്റ് 15 | എംകെ ഹോസ്പിറ്റൽ | 500, PTA |
| ഐടി പരിശീലനം ലഭിക്കുന്നതിന് | ഡിജിറ്റൽ പതാക നിർമ്മാണം | ഓഗസ്റ്റ് 15 | ലറ്റിൽ കൈററ്സ് | 500, PTA |
| പൊതുവിവരം വർദ്ധിക്കുന്നതിന് | സ്വാതന്ത്ര്യദിന ക്വിസ് | ഓഗസ്റ്റ് 15 | സോഷ്യൽ സയൻസ് ക്ലബ്ബ് | 500, PTA |
| ഭാഷാ വികാസം ഉറപ്പുവരുത്തുന്നതിന്<br>സഭാകമ്പം ലഘൂകരിക്കുക<br>സർഗാത്മ കഴിവുകൾ വികസിക്കുക | നാടക കളരിയും ഭാഷയും | സെപ്റ്റംബർ ആദ്യവാരം | സ്കൂൾ ഭാഷാ ക്ലബ്ബുകൾ | 500, PTA |
| കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിന് അറിവ് നേടുന്നതിന് | ഐടി പരിശീലനം തുടർച്ച | സെപ്റ്റംബർ മാസം | ലറ്റിൽ കൈററ്സ് | 500, PTA |
| പഠനത്തോടൊപ്പം സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുക | LED റിപ്പയറിങ് തുടർച്ച | ഒക്ടോബർ മാസം | എനർജി ക്ലബ്ബ് | 500, PTA |
| ഗണിതം ലളിതവും മധുരവും ആക്കുന്നതിന് വേണ്ടി<br>ഗണിതാശയങ്ങൾ കൂട്ടൽ ഗണിതാശയങ്ങൾ കൂട്ടൽ വ്യവകലനം ഗുണനം എന്നീ കൃതികൾ പ്രാവീണ നേടുക | ഗണിത കളി -കൂട്ടാംകുറക്കാം<br>ഗണിത കളിയും മധുരവും<br>ഗണിത പഠനം രസകരമാക്കുന്നതിന് വേണ്ടി രൂപങ്ങൾ നിർമ്മിക്കാം | നവംബർ മാസം | ഗണിത അധ്യാപകർ | 500, PTA |
| ഐ ഹാൻഡ് കോഡിനേഷൻ വർദ്ധിപ്പിക്കുക<br>ഏകാഗ്രത വർദ്ധിപ്പിക്കുകസർഗ്ഗാത്മക വികാസ് വികാസം പ്രോത്സാഹിപ്പിക്കുക .<br>സൂക്ഷ്മ സ്ഥൂല പേശി വികസന ഉറപ്പ വരുത്തുക | ഫ്രീ ഹാൻഡ് പെയിൻറിംഗ്<br>ചിത്രരചന പരിശീലനം<br>സ്പോർട്സ് പരിശീലനം ഉറപ്പുവരുത്തുക | ഡിസംബർ മാസം | സ്കൂൾ നോടൽ ടീച്ചർ ,<br>സ്പെഷ്യൽ എഡ്യൂക്കേറ്റർ<br>കായികാധ്യാപക | 500, PTA |